# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1055** **30.09.2016 ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.കെ. ബഷീർ** | | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം നടത്തണമെന്ന് ഡോ. എം.എ. ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിരുന്നോ; വിശദാംശം നൽകുമോ; | (എ) & (ബി) | ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007 ൽ നിയമിച്ച പ്രൊഫ.എം.എ ഉമ്മൻ കമ്മിറ്റി നല്കിയ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ടി വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലായ സുതാര്യ കേരളം വഴി ശ്രീമതി. അതുല്യാ നായർ. കെ.വി, വനിതകളുടെ ക്ഷേമത്തിന് വേണ്ടിയുള്ള നിയമസഭാ സമിതിയ്ക്ക് മുമ്പാകെ റാങ്ക് ഹോൾഡർ |
| (ബി) | ഇതിന്മേൽ ഏതെങ്കിലും അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ, എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ശ്രീമതി. സൌമ്യ കൊച്ചുകുഞ്ഞ്, മുഖ്യമന്ത്രിയുടെ ആഫീസ് വഴി ശ്രീമതി. ഫാത്തിമാ ബീവി, ശ്രീ. അഷ്റഫ്. എം (പ്രസിഡന്റ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -2 റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ) മുൻ എം.എൽ.എ ശ്രീ. പി.എം. ഉമ്മർ മാസ്റ്റർ മുഖാന്തിരവും പരാതികൾ നൽകിയിരുന്നു. പ്രസ്തുത വിഷയത്തിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഈ വിഷയം പ്രസ്തുത വകുപ്പിന്റെ പരിധിയിൽ വരുന്നതാകയാൽ ടി വകുപ്പുതന്നെ ആയതിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഡോ. എം.എ. ഉമ്മൻ കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പുമായി ചേർന്ന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം തീരുമാനമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**